പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1749   16-10-2026-ൽ മറുപടിയ്ക്ക്

<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വനിതാ-ശിശു ക്ഷേമ പദ്ധതികളും നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>   <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ   ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെയും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുമോ;

<u>**മറുപടി:**</u> സംസ്ഥാനമൊട്ടാകെ വനിതാ- ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിനും കൂടി വേണ്ടിയുള്ളതാണ്. 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് മുട്ടയും പാലും വിതരണം ചെയ്യുന്ന 'പോഷകബാല്യം പദ്ധതി', ആറ് മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വിതരണം ചെയ്യുന്ന 'അനുപൂരക പോഷകാഹാര പദ്ധതി', വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന 'കാതോർത്ത് പദ്ധതി', ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പും തപാൽ വകുപ്പും സഹകരിച്ച് നടപ്പിലാക്കി വരുന്ന 'രക്ഷാദൂത് പദ്ധതി', കുട്ടികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ കണ്ടെത്തി പിന്തുണ നൽകുന്നതിനായി സ്കൂൾ കൗൺസിലർമാർക്ക് പരിശീലനം നൽകുന്ന 'സാന്ത്വനം പദ്ധതി', വിധവകൾ വിവാഹമോചിതർ എന്നിവരുടെ പുനർ വിവാഹത്തിന് ധനസഹായം നൽകുന്ന 'മംഗല്യ പദ്ധതി', വിധവകൾക്ക് സംരക്ഷണം നൽകുന്ന 'അഭയകിരണം പദ്ധതി', വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിക്കുന്ന 'സഹായ ഹസ്തം പദ്ധതി' എന്നിങ്ങനെ നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന് കൂടി ബാധകമായിട്ടുള്ളതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പൽന' സ്കീമിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 'അങ്കണവാടി കം ക്രഷ്' പദ്ധതി , 'ബേഠി ബച്ചാവോ ബേഠി പടാവോ' പദ്ധതി എന്നിവയും വനിതാ ശിശു വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളും ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന് ഉപയുക്തമാണ്.

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ 'ഷീ പാഡ്' പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 6916 നാപ്കിൻ പാക്കറ്റുകൾ വിതരണം ചെയ്യുകയും പത്ത് സ്കൂളുകളിലെ 1423 വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. കൂടാതെ 4 നാപാകിൻ സിഡ്രോയറുകളും 5 സ്റ്റീൽ അലമാരകളും ടി സ്കൂളുകളിൽ വിതരണം ചെയ്തു.

കൗമാരക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ബോധവത്കരണ പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി. ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി 16 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും ഭാരക്കുറവ്, കുട്ടികളിലെ വളർച്ച മുരടിക്കൽ എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തിച്ചേരുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം മുട്ടയും രണ്ടു ദിവസം പാലും വിതരണം ചെയ്യുന്ന പോഷക ബാല്യം പദ്ധതി , ആറ് മാസം മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവും വിളർച്ചയും പരിഹരിക്കുന്നതിനായി അനുപൂരക പോഷകാഹാര പദ്ധതി എന്നിവയും ചങ്ങനാശ്ശേരി നിയോജകമണ്ഡലം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.

**(ബി)** മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വകുപ്പിന്റെയും കേരള വനിതാ വികസന കോർപ്പറേഷന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയ വായ്പാ പദ്ധതികളുടെയും തൊഴിൽ പരിശീലനങ്ങളുടെയും ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 2025-26, 2026-27 സാമ്പത്തിക വർഷത്തിൽ 6 സ്വയംതൊഴിൽ വായ്പാപദ്ധതികൾക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്.

**(സി)** കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിനുമായി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളുടെയും ബോധവൽക്കരണ പരിപാടികളുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

**<u>മറുപടി:</u>** കൗമാരക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ബോധവത്കരണ പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി. ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി 16 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും ഭാരക്കുറവ്, കുട്ടികളിലെ വളർച്ച മുരടിക്കൽ എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തിച്ചേരുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം മുട്ടയും രണ്ടു ദിവസം പാലും വിതരണം ചെയ്യുന്ന പോഷക ബാല്യം പദ്ധതി തുടർന്നു വരുന്നു.

ആറ് മാസം മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവും വിളർച്ചയും പരിഹരിക്കുന്നതിനായി അനുപൂരക പോഷകാഹാര പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

**(ഡി)** വനിതകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി മണ്ഡലത്തിൽ നിർഭയ പദ്ധതിയുടെയോ മറ്റ് ഔദ്യോഗിക സുരക്ഷാ സംവിധാനങ്ങളുടെയോ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ഇടപെടലുകളുടെയും അടിയന്തര സഹായ സേവനങ്ങളുടെയും പുരോഗതി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് കുടുംബത്തിന്റെ ചുറ്റുപാടിൽ തന്നെ വളരാൻ സാമ്പത്തിക സഹായം നൽകുന്ന സ്പോൺസർഷിപ്പ് (വിദ്യാഭ്യാസ ധനസഹായ പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലുള്ള 12 കുട്ടികൾക്ക് സഹായം നൽകി വരുന്നു.

ബാലനീതി നിയമത്തിന് കീഴിൽ 18 വയസ്സുവരെയുള്ള , ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ പാർപ്പിയ്ക്കുന്ന 4 സ്ഥാപനങ്ങൾ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തന മേൽനോട്ടം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേന വിലയിരുത്തി കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നു.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം, ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് വരുന്ന കാവൽ പദ്ധിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ 12 കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്കുള്ള ഇടക്കാലശ്വാസം നൽകുന്ന ധനസഹായ പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും 4 കുട്ടികളെ ഉൾപ്പെടുത്തുന്നതിനുള്ള സ്ക്രീനിംഗ് കമ്മിറ്റി കൂടുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 16 സ്കൂളുകളിൽ 16 സ്കൂൾ കൗൺസിലർമാരുടെ സേവനം കുട്ടികൾക്ക് നൽകിവരുന്നു.

കുട്ടികളിലുള്ള പെരുമാറ്റ പഠന വൈകല്യങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പഠനത്തോടൊപ്പം കുട്ടികളുടെ വ്യക്തിത്വം ശരിയായി രൂപപ്പെടുത്തുന്നതിന് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി. പദ്ധതി) പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 5 സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ 16 പാരന്റിംഗ് ക്ലീനിക്കിലൂടെ 36 പേർക്ക് സേവനം നൽകുകയും 18 പാരന്റിംഗ് ഔട്ട്റീച്ച് ക്യാമ്പുകളിലൂടെ 333 പേർക്ക് സേവനം നൽകുകയും ചെയ്തു.

ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി, മാടപ്പള്ളി ബ്ലോക്കിൽ CWPC ചേർന്ന് കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കി വരുന്നു.

24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 60 കേസുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**(ഇ)** ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനിതകളുടെയും കുട്ടികളുടെയും ക്ഷേമവും അടിസ്ഥാന സൗകര്യ വികസനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പുതിയതായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനിതകളുടെയും കുട്ടികളുടെയും ക്ഷേമവും അടിസ്ഥാന സൗകര്യ വികസനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പുതുതായി പരിഗണനയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുറിച്ചി പഞ്ചായത്തിന്റെ പരിധിയിൽ ലഹരി വിരുദ്ധ ബോധവത്ക്കരണവുമായി

ബന്ധപ്പെട്ട് കമ്മ്യൂണിറ്റി ഇന്റർവൻഷൻ പ്രോഗ്രാം സംഘടിപ്പിക്കാൻ ആസൂത്രണം ചെയ്യുന്നു.

തൊഴിൽ, പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം, ചൈൽഡ് ഹെൽപ് ലൈൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ ബാലവേല, ബാലഭിക്ഷാടനം തടയുന്നതിന് ഡ്രൈവ് സംഘടിപ്പിക്കുന്നതിന് ആസൂത്രണം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**